WRITTEN ANSWERS.

തിരുവിതാംകൂർ-കൊച്ചി നദീജലം.

* 707. [16] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യത്തിനു പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ–കൊച്ചിയിലെ നദീജലം ഈ സംസ്ഥാനത്തിനു പ്രയോജനപ്പെടുത്തുന്നതിനു വിധം എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കാമെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉവ്വെങ്കിൽ അന്വേഷണഫലം എന്തു;

(ബി) പറമ്പിക്കുളം പദ്ധതി സംബന്ധിച്ചു മദ്രാസ് ഗവണ്മെൻറിൽനിന്നോ കേന്ദ്രഗവണ്മെൻറിൽനിന്നോ എന്തെങ്കിലും വിവരങ്ങൾ സംസ്ഥാനഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു;

(സി) ഈ പദ്ധതി സംബന്ധിച്ചു സംസ്ഥാനഗവണ്മെൻറിന്റെ നിലപാടു വ്യക്തമാക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഇതുവരെ നടത്തിയിട്ടുള്ള അന്വേഷണഫലമാണു്. ഈ സ്റ്റോറിലെ നദീജലസമ്പത്തിനെപ്പറ്റിയും അവയുടെ വിനിയോഗത്തെപ്പറ്റിയും കൂടുതലായി അന്വേഷണം നടത്തുന്നതിനു ഗവണ്മെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടു്.

(ബി) ഈ സ്റ്റോറിൽ ഉദ്ദേശം മൂന്നു മൈൽ ഉള്ളിലായി പറമ്പിക്കുളം നദിയിൽ ഒരു അണകെട്ടുന്നതിനുള്ള പദ്ധതി സംബന്ധിച്ചു് അന്വേഷണങ്ങൾ നടത്തുവാൻ മദ്രാസ് പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരെ അനുവദിക്കണമെന്നു മദ്രാസ് ഗവണ്മെൻറ് ആവശ്യപ്പെട്ടിട്ടുണ്ടു്.

(സി) അപ്രകാരം അനുവാദം കൊടുക്കാൻ നിവൃത്തിയില്ലെന്നു മദ്രാസ് ഗവണ്മെൻറിനെ അറിയിക്കുന്നതുണ്ടു്.

തിരുവനന്തപുരം–തിരുനൽവേലി റെയിൽവേ.

* 708. [22] ശ്രീ. ഡി. വിശ്വാനന്ദൻ : താഴെ പറയുന്ന ചോദ്യത്തിനു പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തിരുവനന്തപുരം–തിരുനൽവേലി റെയിൽവേ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ചു സർവ്വെ ആരംഭിച്ചിട്ടുണ്ടോ; ഈ ലൈൻ ഏതെല്ലാം സ്ഥലങ്ങളിൽക്കൂടിയാണു പോകുന്നതു; ഒരു തുറമുഖമായി വികസിക്കാൻ സാദ്ധ്യതയുള്ള വിഴിഞ്ഞത്തെ ഈ ലൈൻ സ്പർശിക്കുമോ?

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

തിരുവനന്തപുരം—തിരുനൽവേലി റെയിൽവേ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിനോടു ശുപാർശ ചെയ്തിട്ടുണ്ടു്. പ്രസ്തുത റെയിൽവേ പദ്ധതി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിവില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly